# File No.DB4/22/2020-LSGD

"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആലപ്പുഴ ജില്ലാ പഞ്ചായത്തിന്റെ 2019-20ലെ വാർഷിക പദ്ധതി നമ്പർ 882/20 പാടശേഖര സമിതികൾക്ക് സബ്മേഴ്സിബിൾ പമ്പ് വാങ്ങി സ്ഥാപിക്കുന്നതിനുള്ള അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്**

**സ.ഉ.(സാധാ) നം.601/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 11/03/2020

---

പരാമർശം:- 1 ആലപ്പുഴ ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 05/10/2019ലെ കത്ത്

2 28/01/2020ലെ കോർഡിനേഷൻ കമ്മിറ്റി തീരുമാനം നമ്പർ 4.65

**<u>ഉത്തരവ്</u>**

ആലപ്പുഴ ജില്ലയിൽ കുട്ടനാട് നെൽപ്പാടങ്ങളിൽ പരമ്പരാഗമായ രീതിയിൽ വെള്ളം വറ്റിച്ചാണ് കൃഷി ചെയ്യുന്നത് എന്നും ഇതിനായി പെട്ടി പറ സംവിധാനമാണ് ഉപയോഗിച്ച് വരുന്നത് എന്നും പാടശേഖരങ്ങളുടെ താഴ്ന്ന ഭാഗങ്ങളിൽ പറക്കുഴി നിർമ്മിച്ചാണ് പെട്ടി പറ സംവിധാനങ്ങൾ ഉറപ്പിക്കുന്നത് എന്നും ഇത് ബണ്ടുകളുടെ ബലക്ഷയത്തിനു കാരണമാകുന്നു എന്നും കൃഷിയില്ലാത്ത സമയത്ത് വെള്ളം കയറ്റേണ്ടതിനായി പറകൾ മാറ്റിവയ്ക്കേണ്ടി വരുകയും കൃഷി സമയത്തു ഇവ ഉറപ്പിക്കേണ്ടതായും ഉണ്ട് എന്നും ഇത് മൂലം കൃഷിക്ക് കൂടുതൽ ചെലവ് ഏറുന്നു എന്നും ആയതിനാൽ ആലപ്പുഴ ജില്ലയിലെ തണ്ണീർമുക്കം പുഞ്ചപ്പാടം പാടശേഖരത്തിൽ 30 HP ഉയർന്ന ഡിസ്ചാർജ്ജുള്ള ഇലക്ട്രിക് സബ്മേഴ്സിബിൾ പമ്പു വാങ്ങി സ്ഥാപിക്കുന്നതിനും, കുട്ടനാടൻ പ്രദേശമായ മുട്ടാർ പഞ്ചായത്തിൽ കരുവേലിത്തറക്കടവ് പാടശേഖരത്തിന് 20 HP ഉള്ള Horizontal submersible പമ്പും വാങ്ങി നല്കുവാനാണ് ഉദ്ദേശിക്കുന്നത് എന്നും ഇതിനായി ആലപ്പുഴ ജില്ലാ പഞ്ചായത്ത് 2019-20 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പാടശേഖരങ്ങളിലേക്ക് സബ്മേഴ്സിബിൾ പമ്പ് സെറ്റുകൾ വാങ്ങി സ്ഥാപിക്കുന്നതിനായി 24 ലക്ഷം രൂപ അടങ്കൽ തുകയിൽ "പാടശേഖരങ്ങളിലേക്ക് പമ്പ് സെറ്റുകൾ വാങ്ങി സ്ഥാപിക്കൽ" എന്ന പദ്ധതി ഉൾപ്പെടുത്തിയിരുന്നു എന്നും ആയതിനു അനുമതി ലഭ്യമാക്കണമെന്നും ആലപ്പുഴ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ആവശ്യപ്പെട്ടിരുന്നു .

2. സർക്കാർ ഈ വിഷയം വികേന്ദ്രീകൃതാസൂത്രണ സമിതിയിൽ വിശദമായി പരിശോധിക്കുകയും മേൽ സമിതിയുടെ പരാമർശം (2) തിന്റെ അടിസ്ഥാനത്തിൽ പാടശേഖര സമിതികൾക്ക് പെട്ടിയും പറയും വാങ്ങി നൽകുന്നതിന് പകരം സബ്മേഴ്സിബിൾ പമ്പ് സെറ്റ് വാങ്ങി നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**പാറ്റ്സി സ്റ്റീഫന്**
**ജോയിന്റ് സെക്രട്ടറി**

സെക്രട്ടറി/പ്രസിഡന്റ്, ആലപ്പുഴ ജില്ലാ പഞ്ചായത്ത്

ജില്ലാ കളക്ടർ ആലപ്പുഴ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം

**File No.DB4/22/2020-LSGD**

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ